**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1317** **19-06-2024 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി മണ്ഡലത്തിലെ ചിറ്റുമൂല മേൽപാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച ചിറ്റുമൂല മേൽപാലത്തിന് ഭരണാനുമതി ലഭിച്ചതെന്നാണെന്നും തുക എത്രയെന്നും വ്യക്തമാക്കാമോ; | (എ) | കരുനാഗപ്പള്ളി മണ്ഡലത്തിലെ പുതിയകാവ് ചക്കുവള്ളി (ചിറ്റുമൂല) റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായി 10/07/2017 തീയതിയിലെ സ.ഉ(സാധാ)നം.942/2017/ പൊ.മ.വ പ്രകാരം 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; | (ബി) | പുതിയകാവ് ചക്കുവള്ളി (ചിറ്റുമൂല) റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായി 29/01/2024 തീയതിയിൽ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മേൽപാലത്തിന്റെ നിർമ്മാണപ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത് ; നിർമ്മാണപ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് DsoR 2018 പ്രകാരം എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ പഴയ എസ്റ്റിമേറ്റിനേക്കാൾ 10 ശതമാനത്തിൽ കൂടുതൽ ആയതിനാൽ കിഫ്ബിയുടെ ഫിനാൻഷ്യൽ അനുമതി ആവശ്യമായി വന്നു. അതിൻപ്രകാരം കിഫ്ബിയുടെ അനുമതിയ്ക്കായി 02.02.2024 തീയതിയിൽ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. തുടർന്ന് 04/04/2024 തീയതിയിൽ കിഫ്ബി; എസ്റ്റിമേറ്റിൽ ചില വ്യക്തതകൾ ആവശ്യപ്പെടുകയും അതിനുള്ള മറുപടി 08/05/2024 തീയതിയിൽ കിഫ്ബിയിൽ സർപ്പിച്ചിട്ടുമുണ്ട്. കിഫ്ബിയുടെ അനുമതി ലഭ്യമായാൽ ഉടനെ തന്നെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ